# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5100** **15.11.2019 ൽ മറുപടിയ്ക്ക്**

**ചവറ പന്മനയിലെ കേരഗ്രാമം പദ്ധതി**

**ചോദ്യം**

**ശ്രീ.എൻ. വിജയൻ പിള്ള**

കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ചവറ നിയോജക മണ്ഡലത്തിലെ പന്മന ഗ്രാമപഞ്ചായത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിയ്ക്കാമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

ഉല്പാദനക്ഷമത കുറഞ്ഞതും രോഗം ബാധിച്ചതുമായ 1370 തെങ്ങുകൾ വെട്ടിമാറ്റി പുതിയ നടീലിനായി 659 തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു. 46067 തെങ്ങുകൾക്ക് തടം തുറക്കുകയും 30625 തെങ്ങുകൾക്ക് ജൈവവളവും കുമ്മായവും വിതരണം ചെയ്യുകയും ചെയ്തു. 18 ജലസേചന കിണർ കുഴിക്കുകയും 18 പമ്പ് സെറ്റുകൾ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു. കയർ പ്രോസസിംഗ് യൂണിറ്റിനുള്ള സഹായമായി 2,00,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കേരഗ്രാമം പദ്ധതിയിൽ പന്മന ഗ്രാമപഞ്ചായത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും നീക്കി വച്ചിട്ടുള്ള തുകയും ഇവയാണ്.

1) പഞ്ചായത്ത് തല കേരസമിതിക്ക് ആനുകൂല്യം- 20,000/- രൂപ
2) കൃഷിഭവന്റെ അടിസ്ഥാന സൗകര്യ വികസനം- 5,850/- രൂപ
3) ജൈവവള വിതരണം- 10,93,750/- രൂപ
4) രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന്- 8,46,000/- രൂപ
5) തെങ്ങിൻതൈ വിതരണം - 35,250/- രൂപ.

സെക്ഷൻ ഓഫീസർ